നം.DDDKER/2060/2023-A1

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:06-01-2025

**സർക്കുലർ നം.06/2025**

വിഷയം:- ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്-ജീവനക്കാര്യം- വിവിധ ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുന്നത്-സംബന്ധിച്ച്

സൂചന :-
1) സർക്കാരിന്റെ 18.12.2024-ലെ ഡി1/40/2024-ഡി.ഡി. നമ്പർ കത്ത്
2) ഈ ഓഫീസിലെ 30.04.2024-ലെ ഇതേ ഫയൽ നമ്പരിലെ 23/2024 നമ്പർ സർക്കുലർ
3) ഈ ഓഫീസിലെ 31.05.2024-ലെ ഇതേ നമ്പർ ഉത്തരവ്

ക്ഷീര വികസന വകുപ്പിന് കീഴിലെ വിവിധ ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുന്നത് സംബന്ധിച്ച് 09.02.2010 തീയതിയിലെ സ.ഉ.(അ) നം.61/2010/ധന ഉത്തരവ് അനുസരിച്ച് നിയമിക്കുമ്പോൾ 179 ദിവസം പൂർത്തീകരിച്ചതിനുശേഷം വീണ്ടും തുടരുന്നതിന് അനുമതി നൽകണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന് സൂചന (1) പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു. (ഉള്ളടക്കം ചെയ്യുന്നു)

പ്രസ്തുത സാഹചര്യത്തിൽ സൂചന (3) പ്രകാരമുള്ള ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്തതായി അറിയിക്കുന്നു. സൂചന (2) പ്രകാരമുള്ള സർക്കുലർ നിലനിൽക്കുന്നതാണ്.

ശാലിനി ഗോപിനാഥ്

**ഡയറക്ടർ**

Signed by
Salini Gopinath
Date: 06-01-2025 16:31:30

ഉള്ളടക്കം;-സൂചന (1)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ക്ഷീരവികസന വകുപ്പ്

നമ്പർ.ഡി1/40/2024-ഡിഡി **18-12-2024**,തിരുവനന്തപുരം

പ്രേഷകൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

ഡയറക്ടർ

ക്ഷീരവികസന വകുപ്പ്

തിരുവനന്തപുരം

സർ,

വിഷയം:- ക്ഷീരവികസന വകുപ്പ് - ക്ഷീരവികസന വകുപ്പിലെ വിവിധ ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുന്നത് - സംബന്ധിച്ച്

സൂചന:- താങ്കളടെ **30.05.2024** ലെ **DDDKER/2060/2023-A1** നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. **09.02.2010** തീയതിയിലെ സ.ഉ(അ)നം. **61/2010**/ധന ഉത്തരവ് അനുസരിച്ച് കാഷ്വൽ സ്വീപ്പർമാരെ കുടുംബശ്രീ വഴി **179** ദിവസത്തേക്കാണ് നിയമിക്കേണ്ടത്. **179** ദിവസം പൂർത്തിയാകുന്ന മുറയ്ക്ക് ഇപ്രകാരം നിയമിതരാകുന്ന വ്യക്തിയുടെ സേവനം അവസാനിപ്പിച്ച് കുടുംബശ്രീ വഴി മറ്റൊരു വ്യക്തിയെ നിയോഗിക്കേണ്ടതാണ്. **19/11/2010** തീയതിയിലെ സർക്കുലർ **98/2010**/ധന. പ്രകാരം **09/02/2010** ന് മുമ്പ് കാഷ്വൽ സ്വീപ്പർമാരായി നിയമിതരായവർക്ക് സേവനത്തിൽ തുടരുന്നതിന് തടസ്സമില്ല. നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ കാഷ്വൽ സ്വീപ്പർ നിയമനം നടത്താൻ പാടുള്ളൂ. അതിനാൽ **09/02/2010** -ന് ശേഷം നിയമിതരായ കാഷ്വൽ സ്വീപ്പർമാരെ **179**

ദിവസത്തിനു ശേഷവും വീണ്ടും തുടരുന്നതിന് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ലായെന്നു അറിയിക്കുന്നു.

വിശ്വസ്തതയോടെ,

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by

Abhilash R P

Date: 18-12-2024 15:28:05

സെക്ഷൻ ഓഫീസർ.